**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2433** **04-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) | 20.04.2017-ലെ G.O.(Ms)No.21/2017/P&EA പ്രകാരം, കെ.എസ്.ഇ.ബി ലിമിറ്റഡ്, കെ.എസ്.ആർ.ടി.സി, കേരള വാട്ടർ അതോറിറ്റി എന്നിവ ഒഴികെയുള്ള കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള/വേതന ഘടനയ്ക്ക് ഒരു പൊതു ചട്ടക്കൂട് രൂപീകരിക്കുന്നതിനെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും 30.11.2020 ന് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ GO(P)No.131/2022/Fin തീയതി 29.10.2022 പ്രകാരം വിദഗ്ധ സമിതിയുടെ ശുപാർശകൾ നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിരമിക്കൽ പ്രായം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലെന്നപോലെ 60 വയസ്സായി ഉയർത്താൻ ഉത്തരവായിരുന്നു. എന്നാൽ 04.11.2022 തീയതിയിലെ GO(P)No.135/2022/Fin പ്രകാരം മേൽപ്പറഞ്ഞ ക്ലോസിന്മേലുള്ള നടപടികൾ നിർത്തിവെച്ചു. ഇതിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിൻ്റെയും കാര്യത്തിൽ നിലവിലുള്ള സ്ഥിതി വിശദമായി പരിശോധിച്ചശേഷം ഈ കാര്യത്തിൽ ആവശ്യമായ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുമെന്നും ഉത്തരവായിരുന്നു. **വിദഗ്ധ സമിതി പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള G.O(Ms)72/2023/Fin തീയതി 19.04.2023 ഉത്തരവ് പ്രകാരമുള്ള** വിദഗ്ധ സമിതിയുടെ പരിശോധനാ വിഷയങ്ങളിൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെ കാര്യത്തിലും പ്രത്യേകമായി പരിശോധിക്കുന്നതിലേയ്ക്കായുള്ള |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ വിദഗ്ധ സമിതിയുടെ പരിഗണനയിലും പരിശോധനയിലുമാണ്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അത് പരിശോധിച്ച് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | 2014 സെപ്റ്റംബർ 1 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്; | (ബി) | കെ.എസ്.ആർ ഭാഗം IIIലെ ചട്ടപ്രകാരം പെൻഷന് അർഹതയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 01.04.2013 ന് ശേഷം നിയമനം ലഭിക്കുന്ന പക്ഷം അവർക്ക് എൻ.പി.എസ് ആണ് ബാധകം. അവരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. |
| (സി) | സർവ്വീസ് പെൻഷൻ ലഭിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം എൻ.പി.എസ്. ബാധകമായവരുടെ പെൻഷൻ പ്രായത്തിനൊപ്പമാക്കി ഏകീകരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പിരിവ് 'എ' യ്ക്കുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ